"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് 31-ൽ റീസർവ്വേ 607/06-ൽ പെട്ട 10/147 എന്ന നമ്പർ പഴയ ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1557/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/08/2020

---

പരാമർശം:- 1 ജി. ഒ.(പി) നം.102/2017/ധന. തീയതി.07/08/2017.

2 മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൻെറ 8/8/2018-ലെ 3(2), 14/6/2019-ലെ2(1) എന്നീ നമ്പറുകളിലെ യോഗതീരുമാനം

3 പഞ്ചായത്ത് ഡയറക്ടറുടെ 08/08/2019,02/06/2020 എന്നീ തീയതികളിലെ PAN/9239/2019-C2(DP) നമ്പർ കത്ത്.

4 മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/8/2020-ലെ എ3/19/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ മാരാരിക്കുളം വടക്ക് വില്ലേജിലെ ബ്ലോക്ക് നമ്പർ 31-ൽ റീസർവ്വേ നമ്പർ 607/06-ൽ ഉൾപ്പെട്ട 16.45 ആർസ് വസ്തുവിൽ സ്ഥിതി ചെയ്യുന്ന 10/147 നമ്പരായുള്ള പഴയ ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് പരാമർശം(2) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിയ്ക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം(3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ളതും ബ്ലോക്ക് 31-ൽ റീസർവ്വേ 607/06-ൽപെട്ട 16.45 ആർസ് വസ്തുവിൽ സ്ഥിതി ചെയ്യുന്നതും 46 വർഷം പഴക്കമുള്ളതുമായ 10/147എന്ന നമ്പരിലെ ഓഫീസ് കെട്ടിടം ,ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട്, പൊളിച്ചു മാറ്റുന്നതിന് മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

സെക്രട്ടറി,മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്,ആലപ്പുഴ

പ്രിൻസിപ്പൽഅക്കൗണ്ടന്റ്ജനറൽ(എ&ഇ) ,കേരളം,തിരുവനന്തപുരം.

അക്കൗണ്ടൻറജനറൽ(ആഡിറ്റ്-I/ആഡിറ്റ്-II) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ(ആർ.സി1/166/2019/ത.സ്വ.ഭ.വ)/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ